**അടിയന്തരപ്രമേയം**

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണം

മി. സ്പീക്കർ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളുടെ പൂർത്തീകരണം നീളുന്നതുമൂലം സംസ്ഥാന സമ്പദ്‌വ്യവസ്ഥയ്ക്ക് ഉണ്ടാകുന്നതായി പറയപ്പെടുന്ന നഷ്ടവും പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ എം. വിൻസെന്റ്, മഞ്ഞളാംകുഴി അലി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2015 ആഗസ്റ്റ് 17-ാം തീയതി അദാനി വിഴിഞ്ഞം തുറുമുഖ കമ്പനിയുമായി നിർമ്മാണത്തിനും നടത്തിപ്പിനുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം തുറമുഖത്തിന്റെ നിർമ്മാണം 2019 ഡിസംബർ 3-ാം തീയതി പൂർത്തീകരിക്കേണ്ടതായിരുന്നു. തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട ബർത്ത്, ഡ്രഡ്ജിംഗ്, യാർഡ്, ക്രെയിനുകൾ, മറ്റ് യന്ത്രോപകരണങ്ങൾ

എന്നിവയുടെയെല്ലാം നിർമ്മാണം സമയബന്ധിതമായി നടന്നുവരുന്നുണ്ടെങ്കിലും പ്രധാന ഘടകമായ പുലിമുട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ തുറമുഖം കമ്മീഷൻ ചെയ്യാൻ പറ്റാത്ത അവസ്ഥയാണ്. പാറ ലഭിക്കാത്തതാണ് പുലിമുട്ടിന്റെ നിർമ്മാണം തടസ്സപ്പെടാൻ പ്രധാന കാരണം. കരാർ പ്രകാരം പാറ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ കൊണ്ടുവരുന്നതിനുള്ള ചുമതല കരാർ കമ്പനിക്കാണ്. എന്നാൽ ഈ ചുമതല സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് കരാർ കമ്പനി പരാജയപ്പെട്ടു. ഇതുസംബന്ധിച്ച് കരാർ പ്രകാരമുള്ള എല്ലാ നോട്ടീസുകളും കമ്പനിക്ക് നൽകിയിട്ടുണ്ട്. ആയതിന് വിശദീകരണവും കമ്പനി നൽകിയിട്ടുണ്ട്.

കാലതാമസത്തിന് കാരണമായി കരാർ കമ്പനി കാലാവസ്ഥയും മറ്റുപ്രകാരമുള്ള 17 കാരണങ്ങൾ ചൂണ്ടിക്കാട്ടി സമയം നീട്ടി ചോദിച്ചിട്ടുണ്ട്. എന്നാൽ ഇവ സർക്കാർ പരിശോധിച്ച് ആവശ്യമായ മറുപടികൾ അവർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സർക്കാരിന്റെ നിലപാടിൽ തൃപ്തരാകാതെ കരാർ കമ്പനി ഇപ്പോൾ ആർബിട്രേഷൻ ട്രിബ്യൂണലിനെ സമീപിച്ചിരിക്കുകയാണ്. 3 മുൻ സുപ്രീം കോടതി ജഡ്ജിമാർ അടങ്ങുന്നതാണ് ട്രിബ്യൂണൽ.

ട്രിബ്യൂണൽ മുമ്പാകെ കരാർ കമ്പനിയും സർക്കാരും അവരുടെ വാദമുഖങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഇതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു.

പാറ കൊണ്ടുവരുന്നതിൽ കമ്പനിക്ക് ചില വീഴ്ചകൾ പറ്റിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. അയൽ സംസ്ഥാനങ്ങളിൽ നിന്നുകൂടി കല്ല് ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരികയാണ്. ഇതിന്റെ ഭാഗമായി ഞാൻ തന്നെ ബഹുമാനപ്പെട്ട തമിഴ്നാട് തുറമുഖ വകുപ്പുമന്ത്രിയുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ സഹായം അവർ നൽകാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം 200 മീറ്റർ ബഫർ സോൺ ഇല്ലാത്ത പുതിയ ക്വാറികൾ തുടങ്ങുവാൻ നിർവ്വാഹമില്ല. ഇത് കേരളത്തിൽ ക്വാറി തുടങ്ങുന്നതിന് വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഇതുമൂലം അദാനി കമ്പനി സമർപ്പിച്ച അപേക്ഷകളിൽ പലതിനും അനുമതി നൽകാൻ കഴിയുന്നില്ല.

വിഴിഞ്ഞത്ത് ഏതാണ്ട് 20 മീറ്റർ ആഴത്തിലാണ് പുലിമുട്ട് നിർമ്മിക്കേണ്ടത്. മൺസൂൺ കാലത്ത് ഇവിടെ പണിനടത്തുവാൻ സാധിക്കുകയില്ല. എന്നാൽ ഈ കാലയളവിൽ പാറ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികൾ സംഭരിച്ചുവച്ചിട്ടുണ്ട്. ഒക്ടോബർ മാസത്തിൽ പാറ

നിക്ഷേപിക്കുവാനുള്ള നടപടി ആരംഭിക്കാനിരുന്നതാണ്. അതിനുള്ള ബാർജ് ഉൾപ്പെടെയുള്ള എല്ലാ സാമഗ്രികളും ഏർപ്പാടാക്കിയിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ കാലാവസ്ഥ പണി തുടങ്ങുന്നതിന് പ്രതിബന്ധമായിട്ടുണ്ട്. 870 മീറ്റർ നീളത്തിൽ പുലിമുട്ട് പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ 16 ലക്ഷം ടൺ പാറ സ്റ്റോക്കുണ്ട്. ഇത് കൊല്ലം, മുതലപ്പൊഴി, വിഴിഞ്ഞം എന്നീ മൂന്ന് സ്ഥലങ്ങളിൽ നിന്നും ഒരേസമയം കടലിൽ നിക്ഷേപിക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. അടുത്ത മൺസൂൺ വരെയുള്ള കാലഘട്ടത്തിനുള്ളിൽ പുലിമുട്ടിന്റെ ഗണ്യമായ ഭാഗം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇക്കാര്യം കരാർ കമ്പനി ഉറപ്പ് നൽകിയിട്ടുണ്ട്.

കരാർ പ്രകാരം നിർമ്മാണ കാലാവധി കരാർ കാലാവധിയുടെ ഭാഗമാണ്. അതുകൊണ്ട് കാലതാമസം കമ്പനിയെയും ബാധിക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു മെല്ലെപ്പോക്ക് ഉണ്ടെന്ന് കരുതേണ്ടതില്ല. എന്നാൽ കാലാവസ്ഥയിലും മറ്റുമുള്ള അടിക്കടിയുള്ള വ്യതിയാനങ്ങൾ നിർമ്മാണത്തെ ബാധിക്കുന്നുണ്ട്. കോവിഡ് മഹാമാരി തൊഴിലാളികളുടെ ലഭ്യതയെയും മറ്റ് പ്രവർത്തനങ്ങളെയും വലിയ തോതിൽ തടസ്സപ്പെടുത്തിയിട്ടുണ്ട്.

വിഴിഞ്ഞത്തെ പുനരധിവാസ പദ്ധതി

വിഴിഞ്ഞം പദ്ധതിക്ക് അംഗീകാരം നൽകിയപ്പോൾ പദ്ധതിമൂലം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് പുനരധിവസിപ്പിക്കേണ്ട മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും തിരുവനന്തപുരം ആർ.ഡി.ഒ. ചെയർമാനായ ഒരു Livelihood Impact Assessment Committee- യും അപ്പീലുകൾ പരിഗണിച്ച് ശിപാർശ ചെയ്യുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ഈ കമ്മിറ്റികൾ സമർപ്പിച്ച എല്ലാ ശിപാർശകളും അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ട്. 8 കോടി രൂപയാണ് പുനരധിവാസത്തിന് ആദ്യം കണക്കാക്കിയിരുന്നത്. എന്നാൽ സർക്കാർ ഇക്കാര്യത്തിൽ വളരെ ഉദാരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഏതാണ്ട് 100 കോടി രൂപ പുനരധിവാസ പ്രവർത്തനങ്ങൾക്കായി മാത്രം സർക്കാർ ചെലവാക്കിയിട്ടുണ്ട്. ഇതിനുപുറമെ

ഈ മേഖലയിൽ നിരവധി സാമൂഹികക്ഷേമ പ്രവർത്തനങ്ങൾ കരാർ കമ്പനിയും സർക്കാരും ചേർന്ന് നടപ്പിലാക്കി വരുന്നു.

പദ്ധതിക്കാവശ്യമായ ഭൂമി, ജലം, വൈദ്യുതി, അപ്രോച്ച് റോഡ്, റെയിൽ കണക്ടിവിറ്റി എന്നിവ ലഭ്യമാക്കേണ്ട ചുമതല സർക്കാരിനാണ്. 97% ഭൂമിയും ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു. ജലവും വൈദ്യുതിയും ലഭ്യമാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിന്റെ ചുമതല കരാർ കമ്പനിക്കാണ്. ഇതിനാവശ്യമായ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. പണി ത്വരിതഗതിയിൽ നടന്നു വരുന്നു. റെയിൽ കണക്ടിവിറ്റിക്കുള്ള പ്രോജക്ട് റിപ്പോർട്ട് കൊങ്കൺ റെയിൽ കമ്പനിയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് റെയിൽവേയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. അവർ ക്ലാരിഫിക്കേഷൻസ് ആവശ്യപ്പെട്ടു. അവ നൽകി. അവർ ഇത് വിശദമായി പരിശോധിച്ചുവരികയാണ്. എത്രയും പെട്ടെന്ന് അനുമതി ലഭ്യമാക്കാനുള്ള ഇടപെടൽ നടത്തിയിട്ടുണ്ട്. ഇതൊന്നും പദ്ധതിയുടെ പ്രവർത്തനത്തെ ബാധിച്ചിട്ടില്ല.

പ്രോജക്ട് പൂർത്തീകരിക്കുന്നതിന് മനുഷ്യ സാധ്യമായ എല്ലാ നടപടികളും സർക്കാർ  സ്വീകരിച്ചുവരികയാണ്. ഇതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ ഉപദേശനിർദ്ദേശങ്ങളും ഇടപെടലുകളും

സമയാസമയങ്ങളിൽ നടത്തുന്നുണ്ട്. ചീഫ് സെക്രട്ടറി മുതൽ താഴോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും ആവശ്യമായ ക്രമീകരണങ്ങളും നിരീക്ഷണങ്ങളും നടത്തുന്നുണ്ട്. കാലാവസ്ഥയാണ് ഇപ്പോഴത്തെ പ്രധാന പ്രശ്നമായി കാണുന്നത്. സർക്കാരിന്റെ ഈ പ്രവർത്തികൾമൂലം എത്രയും വേഗത്തിൽ പണി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതുകൊണ്ട് സഭ നിർത്തിവെച്ച് ഇക്കാര്യം ചർച്ച ചെയ്യേണ്ട ഒരു കാര്യവും ഇല്ലാത്തതിനാൽ ഈ അടിയന്തിര പ്രമേയത്തിന് അനുമതി നൽകേണ്ടതില്ലെന്ന് അറിയിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പറന്നുയരാൻ മോഹിച്ച ചിറക് മുളയ്ക്കാത്തൊരു കടൽപക്ഷിയായിരുന്നു 2011 വരെ വിഴിഞ്ഞം തുറമുഖം. 2011-ൽ അധികാരത്തിൽവന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള യു.ഡി.എഫ്. ഗവൺമെന്റിന്റെ അന്നത്തെ തുറമുഖ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. കെ. ബാബു ഇന്ന് ഈ സഭയിലുണ്ട്. ആ ഗവൺമെന്റിന്റെ നിരന്തരമായ കഠിനാധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായിട്ടാണ് 25 വർഷമായി ഇന്നുതുടങ്ങും നാളെ തുടങ്ങും എന്ന് പ്രതീക്ഷിച്ചിരുന്ന ആ പദ്ധതിക്ക് ചിറക് വച്ചതെന്ന് ഈ

അവസരത്തിൽ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. 2015 സെപ്റ്റംബർ മാസം 17-ാം തീയതിയാണ് കരാറിൽ ഒപ്പിട്ടത്. കരാർ പ്രകാരം 1460 ദിവസമാണ് പദ്ധതി പൂർത്തിയാക്കേണ്ട ദിവസം. എന്നാൽ അന്നത്തെ മുഖ്യമന്ത്രി കരാർ കമ്പനിയോട് ചോദിച്ചു, നിങ്ങൾക്ക് ആയിരം ദിവസംകൊണ്ട് ഇത് പൂർത്തിയാക്കാൻ കഴിയുമോ എന്ന്. അന്ന് ഒരു വെല്ലുവിളിയായി ആ കരാർ കമ്പനി അത് ഏറ്റെടുത്തുകൊണ്ട് പറഞ്ഞു, ഞങ്ങൾ ആയിരം ദിവസംകൊണ്ട് പൂർത്തിയാക്കാം എന്ന്. തുറമുഖത്തിന്റെ സൈറ്റിൽ അന്ന് 1000 എന്നൊരു ബോർഡ് വച്ചു. കൗണ്ട് ഡൗൺ ഓരോ ദിവസവും. അടുത്ത ദിവസം 999. അങ്ങനെ ഓരോ ദിവസവും മോണിറ്റർ ചെയ്തിട്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ നടപടി മുന്നോട്ട് നീങ്ങിയതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്.

പതിനായിരക്കണക്കിന് തൊഴിലവസരങ്ങൾ നേരിട്ടും അല്ലാതെയും; ലോകത്തിലെ വൻകിട തുറമുഖങ്ങളിലെത്തുന്ന മദർ ഷിപ്പുകൾ, 22,000 റ്റി.യു ശേഷിയുള്ള കപ്പലുകൾ 2019 ഡിസംബർ മാസം 3-ാം തീയതി വിഴിഞ്ഞത്ത് എത്തുകയാണ്. പുതിയ

വ്യവസായങ്ങൾ, പുതിയ കച്ചവടങ്ങൾ. വലിയ കപ്പലുകളെത്തി ചെറിയ കപ്പലുകളിലേയ്ക്ക് കണ്ടെയ്നറുകൾ ട്രാൻസ്ഷിപ്പ് ചെയ്യുന്നു. വലിയൊരു തുറമുഖ നഗരമായി നമ്മുടെ തലസ്ഥാനം മാറാൻ പോകുന്നു. റോഡ്, റെയിൽവേ കണക്ടിവിറ്റിയും ചരക്കുനീക്കവും. സിങ്കപ്പൂർ, കൊളമ്പോ, ദുബായ് എന്നീ തുറമുഖങ്ങളിലുള്ള ട്രാൻസ്ഷിപ്പ്മെന്റുകളുടെ സിംഹഭാഗവും വിഴിഞ്ഞത്തേയ്ക്ക് വരുന്നു. ഇങ്ങനെ സ്വപ്നതുല്യമായ വികസനം സ്വപ്നം കണ്ടിരുന്ന ജനത അവരുടെ മുന്നിലേയ്ക്ക് ഒരു ചോദ്യചിഹ്നമായി പണിതിട്ടും പണിതിട്ടും പണി തീരാത്ത വീടായി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം മാറുമ്പോൾ പ്രതിസ്ഥാനത്ത് നിൽക്കുന്നത് സർക്കാരും നിർമ്മാണ കമ്പനിയുമാണ് എന്നുപറയാൻ ആഗ്രഹിക്കുകയാണ്.

വിഴിഞ്ഞത്തിന് ഒരുപാട് പ്രത്യേകതകളുണ്ട്. തുറമുഖ നടത്തിപ്പിൽ ഏറ്റവുമധികം ചെലവ് ഡ്രഡ്ജിംഗിനാണ്. അത് താരതമ്യേന കുറവായിട്ടുള്ള, പ്രകൃതിദത്തമായ ആഴം വിഴിഞ്ഞത്തിനുണ്ട്. അന്താരാഷ്ട്ര കപ്പൽച്ചാലിനോടുള്ള സാമീപ്യം മറ്റൊരു അനുകൂല ഘടകമാണ്. ലോകത്തിലെ തന്നെ അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രമായ കോവളത്തിന്റെ

സാമീപ്യം, ക്രൂയിസ് ടൂറിസത്തിനുള്ള അപാരമായ വികസന സാധ്യതകൾ, ഇതിനെല്ലാമുപരിയായി ആ പദ്ധതി പ്രദേശത്തെ ജനങ്ങൾ പദ്ധതിക്കുവേണ്ടിയെടുത്ത നിലപാടുകളും. എല്ലായിടത്തും വൻകിട പദ്ധികൾക്കെതിരായി തദ്ദേശവാസികളുടെ വലിയ എതിർപ്പാണ് ഉയരുന്നതെങ്കിലും അവിടെ തദ്ദേശവാസികളുടെ വലിയ സപ്പോർട്ട് ഇക്കാര്യത്തിലുണ്ടായിരുന്നു. ഒരു കപ്പൽ 1000 സഞ്ചാരികളുമായി നമ്മുടെ തുറമുഖത്ത് വന്നാൽ 50 ലക്ഷം രൂപ നമുക്ക് കിട്ടും. അങ്ങനെ വളരെ വിപുലമായ വികസന സാധ്യതകളുള്ള വലിയ സാമ്പത്തിക മുന്നേറ്റത്തിന് വാതിൽ തുറക്കുന്ന ഏഷ്യയിലെ തന്നെ വികസനത്തിന്റെ കവാടമായി ചിത്രീകരിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം, 4 വർഷം കൊണ്ട് പൂർത്തിയാകുമെന്നു പറഞ്ഞിട്ട് ഇന്ന് ഇരട്ടി കാലാവധിയായാലും പൂർത്തിയാകാൻ കഴിയില്ലെന്ന അവസ്ഥയിലേയ്ക്ക് എത്തിയിരിക്കുകയാണ്.

തുടക്കത്തിൽ തുറമുഖ നിർമ്മാണ കമ്പനി പാറ ലഭ്യമാക്കുന്നതിൽ അക്ഷന്തവ്യമായ കുറ്റമാണ് ചെയ്തിട്ടുള്ളത്. എന്നാൽ അത് മോണിറ്റർ ചെയ്യാനും അതിന് കൃത്യമായ തിരുത്തലുകൾ വരുത്താനും സംസ്ഥാന

സർക്കാർ തയ്യാറായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടിയിൽ പറഞ്ഞു തമിഴ്നാട്ടുമായി പാറലഭ്യതയ്ക്കുവേണ്ടി സംസാരിച്ചു എന്ന്. എന്നാണ് ഗവൺമെന്റ് സംസാരിച്ചത്? ഒരുമാസം മുമ്പാണ്. നിർമ്മാണത്തിന്റെ കാലാവധി കഴിഞ്ഞ് ഒന്നര വർഷം കഴിഞ്ഞതിനുശേഷമാണ് ബഹുമാന്യനായ മന്ത്രി പോയി സംസാരിക്കുന്നത് . ഇതിൽപരം നിഷ്ക്രിയത്വം വേറെയെന്തുണ്ട്. തുറമുഖ കമ്പനിയുടെ മാത്രം തലയിൽകെട്ടിവച്ചാൽ നമുക്കങ്ങനെ മാറിയിരിക്കാൻ പറ്റുമോ? അവരൊരു പങ്കാളി മാത്രമാണ്. ഇത് മോണിറ്റർ ചെയ്യേണ്ട പ്രധാന ഉത്തരവാദിത്വം ഗവൺമെന്റിനല്ലേ? അത് സർക്കാർ ചെയ്യാതെ , തുറമുഖനിർമ്മാണം പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞ് ഒന്നേമുക്കാൽ കൊല്ലം കഴിയുന്ന സമയത്തും ബഹുമാനപ്പെട്ട മന്ത്രി പറയുന്ന ഒരു മെല്ലെപോക്കുമുണ്ടായിട്ടില്ലായെന്ന്. ഇതാണോ ഗതിവേഗം? വിഴിഞ്ഞം തുറമുഖം സ്വയംഭൂവായി ഉണ്ടായതല്ല. അതിനുപിന്നിൽ കഠിനമായ പരിശ്രമമുണ്ടായിരുന്നു എന്നത് എല്ലാവർക്കുമറിയാവുന്ന കാര്യമാണ്. 2011-ൽ ഉമ്മൻചാണ്ടി സർക്കാർ അധികാരമേറ്റെടുത്തയുടൻ തുറമുഖപദ്ധതി യാഥാർത്ഥ്യമാക്കാനുള്ള

നടപടികളുമായി മുന്നോട്ടുപോയി. അന്നത്തെ കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. ജയറാം രമേശിനെ പദ്ധതി പ്രദേശത്ത് കൊണ്ടുവന്ന് പരിസ്ഥി ആഘാത പഠനത്തിനുവേണ്ടിയുള്ള Terms of Reference അദ്ദേഹത്തെക്കൊണ്ട് അംഗീകരിപ്പിച്ചു വാങ്ങി. രണ്ടരവർഷം നീണ്ടുനിന്നതും മാറിമാറി വന്ന നാല് കാലാവസ്ഥകൾ നിരീക്ഷിച്ച് Stakeholders-മായി നൂറുകണക്കിന് യോഗങ്ങളും പബ്ലിക് ഹിയറിംഗും നടത്തി. നാലായിരം പേജ് വരുന്ന സമഗ്രവും ബൃഹത്തുമായിട്ടുള്ള പാരിസ്ഥിതികാഘാത പഠനം നടത്തി. പാരിസ്ഥിതികാനുമതി അന്ന് നേടിയെടുത്തു. അതിനുശേഷം ഒരു ഗ്രീൻ ഫീൽഡ് തുറമുഖത്തിനും കേന്ദ്ര ഗവൺമെന്റിന്റെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടില്ലായെന്ന് ആലോചിക്കുമ്പോഴാണ് എത്രമാത്രം പ്രാധാന്യത്തോടുകൂടിയാണ് നമ്മൾ ഇതിനെ കണ്ടതെന്നുള്ളത് മനസ്സിലാകും.

ഏറ്റവും പ്രധാനപ്പെട്ട കാര്യം അന്ന് ഈ തുറമുഖ നിർമ്മാണത്തിന്റെ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുമ്പോൾ സർക്കാരിന് മുന്നിലുള്ള വെല്ലുവിളിയായി വന്നത് 35 കിലോമീറ്റർ അപ്പുറത്ത് കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ളൊരു പദ്ധതിയായി കുളച്ചൽ വന്നതാണ്.

കേന്ദ്രവും തമിഴ്നാട് സർക്കാരും അതിനുവേണ്ടി വളരെ തീവ്രമായി പരിശ്രമം നടത്തുന്നു. അന്ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പറഞ്ഞു കുളച്ചൽ തുറമുഖം വന്നാൽ വിഴിഞ്ഞം തുറമുഖം നമുക്ക് മറക്കേണ്ടി വരും. അതിന് കുളച്ചൽ വരുന്നതിന് മുമ്പ് വിഴിഞ്ഞം യാഥാർത്ഥ്യമാക്കാനുള്ള അതിശക്തമായ നടപടികളാണ് അന്നത്തെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായത്. പാരിസ്ഥിതികാനുമതി ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആഗോള ടെണ്ടർ വെബ്സൈറ്റിൽ പ്രകാശനം ചെയ്തു മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അന്നത്തെ ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രിയും. ഒരേ സമയം ടെണ്ടറിനുള്ള നടപടികൾ പൂർത്തീകരിച്ചതുകൊണ്ടാണ് ഇപ്രകാരം ചെയ്യാൻ സാധിച്ചത്. പരിസ്ഥിതി ആഘാത പഠനം നടക്കുന്ന അതേസമയം തന്നെ ടെണ്ടറിനുള്ള നടപടി പൂർത്തീകരിച്ചു. ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുകൊണ്ടുപോയി. 90 ശതമാനം ഭൂമിയും 2014-ൽ തന്നെ ഏറ്റെടുക്കാൻ അന്നത്തെ ഗവൺമെന്റിന് സാധിച്ചു. വെറും 10 ശതമാനം ഭൂമി മാത്രമാണ് പിന്നീട് ഈ സർക്കാരിന് ഏറ്റെടുക്കാനുള്ളത്. പക്ഷേ, ഇന്നും രണ്ട് റിസോർട്ടുകളുടെ ഭൂമി ഇതുവരെയും ഈ സർക്കാരിന്

ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല എന്നതുകൂടി ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഭൂമിയേറ്റെടുക്കലുമായി നാനാതലങ്ങളിലുള്ള വിവിധ പ്രശ്നങ്ങളെല്ലാം അന്ന് ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ നേരിട്ട് ഇടപെട്ട് അപ്പപ്പോൾ പരിഹരിക്കുകയുണ്ടായി. ബൃഹത്തായ ഈ പദ്ധതിക്ക് ശ്രീ. മൊണ്ടേഗ് സിംഗ് അലുവാലിയയുടെ നേതൃത്വത്തിലുള്ള കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ സഹായം അന്നത്തെ ഗവൺമെന്റ് നേടിയെടുത്തു. ഇൻഡ്യയിൽ ആദ്യമായൊരു തുറമുഖ പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ 800 കോടി രൂപയുടെ VGF (Viability Gap Fund) അന്ന് നേടിയെടുത്തു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. അരുൺ ജെയ്റ്റ്ലിയുമായി സുദീർഘമായ ചർച്ചകൾ നടത്തിയാണ് നേടിയെടുത്തത്. വിവിധ ഗവൺമെന്റുകൾ പങ്കാളിയെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ട ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി മുംബൈയിൽ കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെയും സംസ്ഥാന ആസൂത്രണ ബോർഡിന്റെയും നേതൃത്വത്തിൽ റോഡ് ഷോ നടത്തി. ഇതിനിടയിലാണ് അന്താരാഷ്ട്ര തുറമുഖ ലോബിയും ടൂറിസം ലോബിയും ഈ പദ്ധതിക്കെതിരായി രംഗത്തുവന്നത്. ചെന്നൈ ഗ്രീൻ ട്രൈബ്യൂണൽ ഡൽഹിയിൽ

സുപ്രീംകോടതിയിൽ നീണ്ട നിയമയുദ്ധങ്ങൾ നടത്തി. ആ നിയമയുദ്ധങ്ങളിലെല്ലാം തന്നെ സർക്കാൻ അനുകൂലമായി വിധി നേടിയാണ് ഈ പദ്ധതി യാഥാർത്ഥ്യമാക്കിയതെന്ന് ഈ ഭരണപക്ഷം മനസ്സിലാക്കണം എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതുപോലെ അന്നത്തെ പ്രതിപക്ഷം 7500 കോടി രൂപയുടെ പദ്ധതിയിൽ 6000 കോടി രൂപയുടെ അഴിമതിയാണ് അന്നത്തെ പാർട്ടി സെക്രട്ടറിയും ഇന്നത്തെ മുഖ്യമന്ത്രിയുമായ ശ്രീ. പിണറായി വിജയൻ ആരോപിച്ചിട്ടുള്ളതെന്ന് ഓർക്കണം. ആ പദ്ധതിയോട് പ്രതിപക്ഷത്തിന്റെ സമീപനവും അതുതന്നെയായിരുന്നു. തുറമുഖത്തിന്റെ റെയിൽവേ ശൃംഖലയ്ക്കുവേണ്ടി 2013-ൽ അന്ന് ആ പദ്ധതിയുടെ അംഗീകാരം റെയിൽവേ നൽകിയിട്ടുള്ളതാണ്. ദക്ഷിണ റെയിൽവേയുടെ മാനേജരായ രജേഷ് മിശ്ര 2013 ഡിസംബറിൽ ആ റയിൽ കണ്‌കിടിവിറ്റിക്കുവേണ്ടിയുള്ള പദ്ധതി തത്വത്തിൽ അംഗീകരിക്കുകയുണ്ടായി. Cabotage law-ൽ ഇളവ് അനുവദിക്കണമെന്ന് അന്നത്തെ തുറമുഖ ഷിപ്പിംഗ് മന്ത്രി Sri. Milind Deora-യിൽ നിന്ന് ഉറപ്പ് നമ്മൾ നേടിയെടുക്കുകയും ചെയ്തു. അങ്ങനെ എല്ലാ കാര്യങ്ങളും

ചെയ്തതിനുശേഷമാണ് അന്നത്തെ ഗവൺമെന്റ് അധികാരം വിട്ടൊഴിയുന്നത്. ഈ സർക്കാരിന് പാറ ലഭ്യമാക്കാനുള്ള ജോലി മാത്രമാണ് അവശേഷിപ്പിച്ചിട്ടുള്ളത്. പാറ ലഭ്യമാക്കാൻ തുറമുഖ കമ്പനി ഒരു നടപടിയുമെടുത്തില്ലെങ്കിൽ ആ നടപടിയെടുക്കേണ്ടതിന്റെ ഉത്തരവാദിത്വം സർക്കാരിനില്ലേ? ഇന്ന് ചർച്ച ചെയ്ത ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തുകൊണ്ടാണ് നേരത്തേ ഈ ചർച്ചനടത്താൻ കഴിയാത്തത്? ഗ്രീൻ ട്രൈബ്യൂണലിന്റെ വിധി വന്നത് 2020 ഏഴാം മാസമാണ്. ഈ പദ്ധതി പൂർത്തീകരിക്കേണ്ടത് 2019-ൽ. 2019-ൽ പൂർത്തീകരിക്കേണ്ട പദ്ധതിയുടെ തടസ്സം 2020-ൽ വന്ന ഗ്രീൻ ട്രൈബ്യൂണലിന്റെ വിധിയാണെന്നു പറയുന്നത് എത്രമാത്രം പരിഹാസ്യമാണ്.

<u>മി. സ്പീക്കർ</u>: യെസ്.. യെസ്. പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 30 ശതമാനം പുലിമുട്ട് പോലും പൂർത്തീകരിച്ചിട്ടില്ല. പുലിമുട്ട് നിർമ്മിക്കാതെ മറ്റെന്ത് നിർമ്മിച്ചിട്ടും കാര്യമില്ല. അതാണ് ഈ പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. അതുകൊണ്ട് 53 ഹെക്ടർ കടൽ നികത്തേണ്ടതിന് 33 ശതമാനം പോലും

പൂർത്തിയാകാത്തത് ഈ പുലിമുട്ട് നിർമ്മാണം വൈകുന്നതുകൊണ്ടാണ്. ഇതിന്റെ Social Impact Study-യുടെ ഭാഗമായി അവിടെയൊരു ഫിഷിംഗ് ഹാർബർ, സീ ഫുഡ് പാർക്ക്.., സീഫുഡ് പാർക്കിന് 5 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ട് ഒന്നും ചെയ്തിട്ടില്ല. അതുപോലെ തദ്ദേശ വാസികൾക്ക് കൊടുക്കാമെന്നു പറഞ്ഞ പാക്കേജിന്റെ പലഭാഗങ്ങളും നടപ്പിലാക്കിയിട്ടില്ല.

മി. സ്പീക്കർ: അവസാനിപ്പിക്കണം. മതിയായ സമയം തന്നു. ദയവായി അവസാനിപ്പിക്കൂ..

ശ്രീ. എം. വിൻസെന്റ്: സർ, ഒരു മിനിറ്റ്. ഞാൻ പറഞ്ഞവസാനിപ്പിക്കുകയാണ്. വിഴിഞ്ഞം തുറമുഖം ഇന്ന് ചിറക് മുളച്ചൊരു പക്ഷിയാണ്. ചിറകുള്ള ആ പക്ഷിയുടെ മോഹങ്ങളിന്മേൽ കരിനിഴൽ വീഴുന്നത് ഈ സർക്കാരിന്റെ നിഷ്ക്രിയത്വമാണ്. നിഷ്ക്രിയത്വം വെടിഞ്ഞ് എത്രയും പെട്ടെന്ന് തുറമുഖ പദ്ധതി പൂർത്തീകരിച്ച് തദ്ദേശ വാസികൾക്ക് നൽകാനുള്ള പാക്കേജ് പൂർണ്ണമായും നൽകി ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടി സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, 2015 ആഗസ്റ്റ് 17 -നാണ് എഗ്രിമെന്റ് സൈൻ ചെയ്തത്. 2019 ഡിസംബർ 3 -നാണ് പദ്ധതി കമ്മീഷൻ ചെയ്യേണ്ടിയിരുന്നത്. വിവിധ കാരണങ്ങളാൽ പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ വർക്കിന്റെ സ്റ്റാറ്റസ് ഞങ്ങൾ അപ്ഡേറ്റ് വിലയിരുത്തിക്കൊണ്ടിരിക്കുകയാണ്. 3100 മീറ്ററാണ് ബ്രേക്ക് വാട്ടർ നീളം വേണ്ടത്. ഇതിൽ 810 മീറ്റർ ഇതിനകം പൂർത്തിയാക്കി കഴിഞ്ഞിട്ടുണ്ട്. 13 ലക്ഷം കല്ല് ഇതിനായി ഉപയോഗിച്ചു കഴിഞ്ഞിട്ടുണ്ട്. 15 ലക്ഷം കല്ല് നമ്മുടെ കയ്യിൽ ഇപ്പോൾ സ്റ്റോക്കുണ്ട്. ഇത് 18-09-2021-വരെയുള്ള കല്ലിന്റെ കണക്കാണ്, അതിനുശേഷവും ഒരുപാട് കല്ലുകൾ എത്തിക്കഴിഞ്ഞിട്ടുണ്ട്. ഒക്ടോബർ ഒന്നു മുതൽ ബ്രേക്ക് വാട്ടറിന്റെ രണ്ടാംഘട്ട പണി ആരംഭിക്കാനാണ് കമ്പനിയുമായി ഇടക്കാലത്ത് ഉണ്ടാക്കിയ തീരുമാനം. ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടി വിസിലിന്റെ ഒരു ഓഫീസ് വിഴിഞ്ഞത്തുതന്നെ ആരംഭിച്ചിട്ടുണ്ട്. പുതിയ എം.ഡി.യായി മുൻ തിരുവനന്തപുരം ജില്ലാ കളക്ടർ ശ്രീ. ഗോപാലകൃഷ്ണൻ ചാർജ്ജെടുത്തിട്ടുണ്ട്. അദ്ദേഹം ദൈനംദിന പ്രവർത്തനങ്ങൾ വിലയിരുത്തി വരികയാണ്. എല്ലാ

ആഴ്ചയിലും ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൗണ്ട് ഡൗൺ കലണ്ടർ തയ്യാറാക്കാൻ സർക്കാർ ആലോചിച്ചു വരുന്നത്. അതിനാവശ്യമായ പഠനങ്ങൾ പുതിയ എം.ഡി.യുടെ നേതൃത്വത്തിൽ വിസിൽ നടത്തിവരികയാണ്. പാറയുടെ ലഭ്യതക്കുറവാണ് ബ്രേക്ക് വാട്ടർ നിർമ്മാണം വൈകാൻ കാരണമായി കമ്പനി ഇപ്പോഴും പറയുന്നത്. ഇതിൽ സംസ്ഥാന സർക്കാർ ഇടപെട്ട് സംവിധാനമുണ്ടാക്കുന്നുണ്ട്. 2022 നവംബർ മാസം കമ്മീഷൻ ചെയ്യണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അവർ പറയുന്ന കാരണങ്ങൾ ഓഖി, വെള്ളപ്പൊക്കം, കോവിഡ് ഇതൊക്കെ നേരത്തെ എഗ്രിമെന്റ് ഉണ്ടാക്കുന്ന കാലാവധിയിൽ പരിഗണിക്കപ്പെട്ട കാര്യങ്ങളല്ല. ഇത് യാദൃശ്ചികമായി വന്നു ചേർന്നതാണ്. അതിനുള്ള സാവകാശമാണ് ഞങ്ങൾക്ക് വേണ്ടതെന്ന രീതിയിലാണ് അവർ പറഞ്ഞ കാരണങ്ങളിൽ പ്രധാനം. ഇതാണ് പദ്ധതി വൈകാനുള്ള കാരണമായി അദാനി ഗ്രൂപ്പ് ചൂണ്ടിക്കാണിക്കുന്നത്. ആർബിട്രേഷനിൽ അവർ ഈ വാദങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അതിൽ നമുക്ക് പറയാനുള്ള കാര്യങ്ങളൊക്കെ ആർബിട്രേഷനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. എത്രയും വേഗത്തിൽ ഈ

പ്രോജക്ട് പൂർത്തിയാക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതുകൊണ്ട് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട യാതൊരു കാര്യവുമില്ലെന്ന് അറിയിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നമ്മുടെ സംസ്ഥാനത്തിന്റെ ഒരു സ്വപ്ന പദ്ധതിയാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി. നമ്മുടെ സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകുവച്ചുകൊടുത്ത ഒരു പദ്ധതിയാണ്. ഇവിടെ ഈ വിഷയം അവതരിപ്പിച്ച ശ്രീ. എം. വിൻസെന്റ് സൂചിപ്പിച്ചതുപോലെ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത്, ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത്, വലിയ പ്രതീക്ഷയോടുകൂടി നിലവിൽ വന്ന..., ഒരുപാട് നിയമ പോരാട്ടങ്ങൾ നടത്തിയും ഒരുപാട് പ്രതികൂലസാഹചര്യങ്ങളെ മറികടന്നുകൊണ്ടും ഒരുപാട് സമ്മർദ്ദങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ടും എല്ലാ അനുമതികളും

വാങ്ങിച്ചെടുത്തിട്ടാണ് നമ്മൾ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചത്. 2015 ഡിസംബർ 5-ാം തീയതി ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1460 ദിവസം, അതായത് 4 വർഷക്കാലം കൊണ്ട് 2019 ഡിസംബർ 3-ന് ഇത് പൂർത്തീകരിക്കണമെന്നുള്ളതാണ് കൺസ്ട്രക്ഷൻ എഗ്രിമെന്റിൽ നമ്മൾ 2015-ൽ ഒപ്പുവച്ചത്. ആ കൺസ്ട്രക്ഷൻ എഗ്രിമെന്റ് പ്രകാരം 2019 ഡിസംബർ 3-ന് പൂർത്തിയാക്കണം എന്നാണ്. 2019 ഡിസംബർ 3-ന് പൂർത്തിയാക്കിയില്ലെങ്കിൽ ഒരു 90 ദിവസത്തെ ഗ്രേസ് പിരീഡുകൂടി അവർക്ക് കൊടുക്കും. ആ 90 ദിവസം കൂടി ആ എഗ്രിമെന്റിന്റെ ഭാഗമായി അവർക്ക് കൊടുക്കും. അതിനുശേഷവും അവർ പൂർത്തിയാക്കിയിട്ടില്ലെങ്കിൽ പ്രതിദിനം 12 ലക്ഷം രൂപ വച്ച് അവരുടെ കയ്യിൽ നിന്ന് പെനാൽറ്റി വാങ്ങിക്കണം എന്നുള്ളതാണ് എഗ്രിമെന്റിന്റെ ഒരു കണ്ടീഷൻ. ഇവിടെ 2019 ഡിസംബർ 3-ന് പൂർത്തിയാക്കിയല്ലെന്നുമാത്രമല്ല, തൊണ്ണൂറ് ദിവസത്തെ ഗ്രേസ് പിരീഡ് കഴിഞ്ഞിട്ടും അവർ പൂർത്തിയാക്കിയില്ല, മാത്രമല്ല 2021 ഒക്ടോബർ മാസമാണ് ഇവിടെ നിൽക്കുന്നത്. യഥാർത്ഥത്തിൽ അവർക്ക് അനുവദിച്ച സമയം കഴിഞ്ഞ് ഈ ഡിസംബറിൽ 2 വർഷം പൂർത്തിയാക്കാൻ

പോകുകയാണ്. അവർ ഇപ്പോൾ സർക്കാരിനെ അറിയിച്ചിട്ടുള്ളത് ഇപ്പോൾ പൂർത്തിയാക്കാമെന്നല്ല. ഇനിയും രണ്ട് വർഷം കഴിഞ്ഞ് 2023 ഡിസംബറിൽ പൂർത്തിയാക്കാമെന്നാണ്. യഥാർത്ഥത്തിൽ 2015-ൽ വച്ച കൺസ്ട്രക്ഷൻ എഗ്രിമെന്റ് അനുസരിച്ച് 2019 ഡിസംബർ 3 -ന് പൂർത്തിയാക്കേണ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി പൂർത്തിയാക്കപ്പെടാൻ പോകുന്നത്, അവർ പറഞ്ഞിരിക്കുന്നത് 4 കൊല്ലം കഴിഞ്ഞ് 2023 ഡിസംബറിലാണ്. 4 വർഷത്തെ താമസമാണ്. ബഹുമാനപ്പെട്ട തുറമുഖ വകുപ്പുമന്ത്രി വളരെ ലാഘവത്തോടുകൂടി പ്രളയം വന്നു, മഴവന്നു, കാറ്റുവന്നു, കോവിഡ് വന്നു എന്നൊക്കെ പറയുന്നുണ്ട്. ഈ 4 വർഷത്തെ കാലതാമസം അതിനൊരു ന്യായീകരണമാണോ? പാറ കിട്ടാത്തത് ന്യായീകരണമാണോ? 75 ലക്ഷം ടൺ പാറ ഇതിന്റെ നിർമ്മാണ പ്രവർത്തനത്തിന് വേണം. അതിന്റെ ചുമതല കമ്പനിക്ക് തന്നെയാണ്. പാറ ലഭ്യമാക്കേണ്ട പൂർണ്ണമായ ഉത്തരവാദിത്വം ആവർക്കാണ്. 13 ലക്ഷം ടൺ പാറ മാത്രമാണ് ഉപയോഗിച്ചതെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. 75 ലക്ഷം ടൺ പാറ ഉപയോഗിക്കേണ്ട സ്ഥലത്ത് 13 ലക്ഷം ടൺ പാറമാത്രമാണ്

ഉപയോഗിച്ചിരിക്കുന്നത്. ഏകദേശം അഞ്ചിലൊന്ന് പ്രവൃത്തിമാത്രമാണ് അവിടെ നടന്നിരിക്കുന്നത്. ഇവിടെ വളരെ വ്യക്തമായി നമുക്ക് മനസ്സിലാകുന്ന ഒരുകാര്യം 3102 മീറ്റർ നീളമുള്ള പുലിമുട്ട് നിർമ്മാണമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ ഞാൻ അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞത് 810 മീറ്റർ പൂർത്തിയായി കഴിഞ്ഞുവെന്നാണ്. 3102 മീറ്റർ പൂർത്തിയാകേണ്ട സ്ഥലത്താണ് 810 മീറ്റർ പൂർത്തിയായിരിക്കുന്നത്. ഇത് വലിയ ക്രെഡിറ്റായിട്ടാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. 810 മീറ്റർ പൂർത്തിയായിക്കഴിഞ്ഞു, 3102 മീറ്റർ 2019-ൽ പൂർത്തിയാക്കേണ്ട സ്ഥലത്ത് നാലിലൊന്നാണ് പൂർത്തിയായിരിക്കുന്നത്. 6 വർഷം കഴിയാൻ പോകുമ്പോൾ നാലിലൊന്നാണ് പുലിമുട്ടിന്റെ നിർമ്മാണപ്രവർത്തനമാണ് പൂർത്തിയായിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് 90 ശതമാനവും ഭൂമി ഏറ്റെടുത്തതാണ്. ബാക്കി 10 ശതമാനം ഭൂമിയാണ് ഈ സർക്കാരിന്റെ ഭരണകാലത്ത് ഏറ്റെടുക്കേണ്ടിയിരുന്നത്. അത് ഏറ്റെടുക്കാൻ തയ്യാറായോ? ഏറ്റെടുക്കേണ്ട 18 ഏക്കർ ഏറ്റെടുത്തിട്ടില്ല, ഇതുവരെ ഏറ്റെടുത്തിട്ടില്ല. കഴിഞ്ഞ 5 വർഷക്കാലമായി ഈ തുറമുഖ നിർമ്മാണത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും അദാനി പോർട്ടിന്

വിട്ടുകൊടുത്തുകൊണ്ട് സർക്കാർ ഒരു നോക്കുകുത്തിയായി നിൽക്കുകയായിരുന്നു. സർക്കാരിന്റെ ഭാഗത്തുനിന്നും ഒരു മോണിറ്ററിംഗ് ഉണ്ടായിട്ടില്ല. കൃത്യമായ പരിശോധനകൾ, റിവ്യൂ നടന്നിട്ടില്ല. എങ്ങനെയാണ് മെഗാ പ്രോജക്ടുകൾ നടത്തേണ്ടത്? നാലു വർഷക്കാലം കൊണ്ട് പൂർത്തിയാകുന്ന ഒരു മെഗാ പ്രോജക്ടിന്റെ മോണിറ്ററിംഗ് ഒരു ഗവൺമെന്റ് എങ്ങനെയാണ് നിർവ്വഹിക്കുന്നത്? നാലു വർഷം കഴിയുമ്പോൾ അവിടെ പോയി നോക്കിയാൽ മതിയോ; തീർന്നുവോ എന്ന്. അങ്ങനെയാണോ? നിങ്ങൾ പീരിയോഡിക്കലായി, കൃത്യമായ ഇടവേളകളിൽ അവരുമായി കൂടിയാലോചനകൾ നടത്തി, ഓരോ മൂന്ന് മാസക്കാലവും 6 മാസക്കാലവും ഒരു വർഷവും രണ്ട് വർഷവും പൂർത്തിയാക്കേണ്ട ഓരോ കാര്യങ്ങളും നിരന്തരമായി ചർച്ച ചെയ്യണം. അവരുമായുള്ള മീറ്റിംഗിൽ അത് റെക്കാർഡു ചെയ്ത്, അടുത്ത മീറ്റിംഗിന് ചെല്ലുമ്പോൾ കഴിഞ്ഞ മീറ്റിംഗിനെടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. പ്രോജക്ട് ഇംപ്ലിമെന്റേഷൻ എന്നു പറയുന്നത് ഇന്ന് ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. നിങ്ങൾ 4 വർഷം കഴിഞ്ഞിട്ട് അവർക്ക്

അങ്ങനെ ബുദ്ധിമുട്ടുണ്ടായി, അവർക്ക് ഇങ്ങനെ വിഷമമുണ്ടായി...., അങ്ങനെയാണോ ഒരു മെഗാ പ്രോജക്ട് ഇംപ്ലിമെന്റ് ചെയ്യുന്നത്? ഈ രീതിയിലാണ് നമ്മൾ മുന്നോട്ട് പോകുന്നതെങ്കിൽ 10 വർഷം കഴിഞ്ഞാലും ഇത് പൂർത്തിയാകാൻ പോകുന്നില്ല. അതുകൊണ്ടാണ് ഞങ്ങൾ ഇത് നിയമസഭയിൽ കൊണ്ടുവന്നത്. കരാർപ്രകാരം നാല് വർഷം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന കേരളത്തിന്റെ സ്വപ്നപദ്ധതിയായ ഈ മെഗാ പ്രോജക്ട്, ഇപ്പോൾ 8 വർഷം കൊണ്ട് പൂർത്തിയാക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. ഈ രീതിയിൽ മുന്നോട്ടുപോയാൽ പദ്ധതി പൂർത്തിയാകില്ല. അതുകൊണ്ട് പ്രോജക്ട് ഇംപ്ലിമെന്റേഷനുവേണ്ടി വളരെ ഗൗരവത്തോടുകൂടിയ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് ഞങ്ങൾക്ക് സർക്കാരിനോട് അഭ്യർത്ഥിക്കാനുള്ളത്. എഗ്രിമെന്റിന്റെ ഭാഗമായി നിർവ്വഹിക്കേണ്ട കാര്യങ്ങൾ കമ്പനി ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണം. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ എഗ്രിമെന്റിന്റെ ഭാഗമായി തരാമെന്ന് പറഞ്ഞിരിക്കുന്ന 12 ലക്ഷം രൂപയുടെ പ്രതിദിന പെനാൽറ്റി കമ്പനിയിൽനിന്നും ഈടാക്കാൻ സർക്കാർ തയ്യാറാകുമോ? സ്റ്റേറ്റിന്റെ എല്ലാ സൗകര്യങ്ങളും നമ്മൾ അവർക്ക്

കൊടുത്തിരിക്കുകയാണ്, എഗ്രിമെന്റ് വായിച്ചാൽ നമുക്കത് മനസ്സിലാകും. ഇങ്ങനെയൊരു പദ്ധതി വരുന്നതിനായി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുകയും, നമ്മുടെ കാര്യങ്ങളെല്ലാം അവരുടെ കൈയിലാവുകയും ചെയ്തതിനുശേഷം, അവർ യാതൊരു നടപടിയും സ്വീകരിക്കാതെയിരിക്കുമ്പോൾ അക്കാര്യം നമ്മൾ ശ്രദ്ധിക്കാതിരിക്കുന്നത് ശരിയല്ല. മാത്രമല്ല, പദ്ധതിമൂലം പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നടപടികൾ സ്വീകരിക്കണം. റെയിൽവേ ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ എവിടെ നിൽക്കുന്നു? തുറമുഖ നിർമ്മാണവും റെയിൽവേ ലൈനും 2019-ൽ ഒരേസമയംത്തന്നെ പൂർത്തിയാക്കേണ്ടതാണ്. റെയിൽവേ ലൈനിന്റെ പ്രവർത്തനങ്ങളും തടസ്സപ്പെട്ടുകിടക്കുകയാണ്, പണി എവിടെയുമെത്തിയിട്ടില്ല. റെയിൽ നിർമ്മാണത്തിനുള്ള കൃത്യമായ അനുമതിപോലും ലഭ്യമാകാത്ത സാഹചര്യത്തിൽ നിൽക്കുകയാണ്. പ്രസ്തുത വികസനപ്രവർത്തനം നടക്കുമ്പോൾ പ്രദേശത്തുണ്ടാകുന്ന ആഘാതം പഠിക്കണ്ടേ? ഇതിൽ വളരെ ഗൗരവത്തോടുകൂടി പഠിക്കേണ്ട വിഷയങ്ങളുണ്ടെന്ന് സർക്കാർ വിട്ടുപോകരുത്. ഏത് വികസന പദ്ധതിയും

അതുൾപ്പെടുന്ന പ്രദേശത്തെ ജനങ്ങളുടെ ജീവിതനിലവാരത്തിൽ മാറ്റമുണ്ടാക്കുന്നതായിരിക്കണം. ജനങ്ങളെ, അവരുടെ ആവാസ വ്യവസ്ഥയിൽനിന്നും ആട്ടിപ്പായിക്കുന്ന ഒരു വികസന പദ്ധതിയും നമുക്കുവേണ്ട. പ്രദേശവാസികളെ സംരക്ഷിക്കാൻ കഴിയുക എന്നതുമാത്രമല്ല, വികസന പദ്ധതികൾ പ്രാവർത്തികമാകുമ്പോൾ അവരുടെ ജീവിതത്തിൽ മാറ്റമുണ്ടാക്കാനും സാധിക്കണം. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടുകൊണ്ട് ധാരാളം ഉത്കണ്ഠകളുണ്ട്, ഈ ഗവൺമെന്റിന്റെ മുമ്പിൽ മാത്രമല്ല അതുള്ളത്. 2015-ൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഒരു ഉത്തരവിറക്കിയിരുന്നു. ഒരു സ്ഥലത്ത് പുലിമുട്ട് നിർമ്മിക്കുകയും, മറ്റൊരു സ്ഥലത്ത് തുറമുഖനിർമ്മാണപ്രവർത്തനം നടക്കുകയും ചെയ്യുമ്പോൾ തീരങ്ങളിലും മറ്റുപ്രദേശങ്ങളിലും അതിന്റേതായ ആഘാതങ്ങളുണ്ടാകും. തിരുവനന്തപുരം ജില്ലയുടെ തീരപ്രദേശങ്ങളിൽ, വിഴിഞ്ഞം തുറമുഖനിർമ്മാണം നടക്കുന്ന മേഖലകളൊഴിച്ച് ബാക്കിയുള്ള തീരപ്രദേശങ്ങളിലും അതിന്റെ ആഘാതമുണ്ടാകുന്നുണ്ട്. വിഴിഞ്ഞം, പൊഴിയൂർ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം ഇങ്ങനെ വരുന്നുണ്ട്. ഡ്രഡ്ജിംഗ് കാരണവും മത്സ്യ ആവാസവ്യവസ്ഥകൾ നശിച്ചതുമൂലവും മത്സ്യലഭ്യതയിൽ

കുറവുണ്ടായവിട്ടുണ്ട്, തുറമുഖനിർമ്മാണത്തിലെ പൈലിംഗ് പ്രവൃത്തികൾ കാരണം വീടുകൾക്ക് കേടുപാടുകളുമുണ്ടായിട്ടുണ്ട്, അതുപോലെ തീരപ്രദേശത്ത് തീരശോഷണവുമുണ്ടാകുന്നുണ്ട്. ഇതെല്ലാം നിർമ്മാണപ്രവർത്തനം നടക്കുമ്പോൾ വരാൻ സാധ്യതയുള്ള കാര്യങ്ങൾതന്നെയാണ്. എന്നാലത് മുൻകൂട്ടി കണ്ടുകൊണ്ട് 2015-ൽ സർക്കാർ ഒരു ഉത്തരവിറക്കി (ഉത്തരവ് വായിക്കുന്നു). അതിൽ ഇങ്ങനെ പറയുന്നുണ്ട്, " വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നടത്തിപ്പുമൂലം ഭാവിയിൽ തീരശോഷണമുണ്ടായാൽ ബാധിക്കപ്പെട്ടവർക്കുള്ള പൂർണ്ണ നഷ്ടപരിഹാരവും പുനരധിവാസവും സർക്കാരിന്റെ പൂർണ്ണ ചുമതലയിലായിരിക്കും". പദ്ധതി പ്രദേശത്ത് പ്രത്യക്ഷമായോ പരോക്ഷമായോ ബാധിക്കുന്നവരുടെ നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനും, തൊഴിൽ നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാരത്തിനും പ്രസ്തുത പ്രദേശത്തെ സാമൂഹ്യ വികസനത്തിനാവശ്യമായ പൊതുവായ പദ്ധതികളായ സ്കൂളുകളുടെ അപ്ഗ്രഡേഷൻ, പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ ശക്തിപ്പെടുത്തൽ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്കിൽ അപ്ഗ്രഡേഷൻ സെന്റർ, മറൈൻ അക്കാഡമി എന്നിവയുടെ സ്ഥാപനത്തിനും ആഴക്കടൽ

മത്സ്യബന്ധന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയംസഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീകളുടെ പുരോഗതി, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജനക്ഷേമം എന്നിങ്ങനെ ഓരോ ശീർഷകങ്ങളിലായി 475 കോടി രൂപ അനുവദിച്ചുകൊണ്ട് 2015-ൽ ഉത്തരവായതാണ്. എനിക്ക് ബഹുമാന്യരായ മുഖ്യമന്ത്രിയോടും തുറമുഖ വകുപ്പുമന്ത്രിയോടുമുള്ള അഭ്യർത്ഥന മേൽ സൂചിപ്പിച്ച 475 കോടി രൂപയുടെ പ്രോജക്ട് നിങ്ങൾ റിവ്യൂ ചെയ്യണമെന്നാണ്. ആ പ്രദേശത്തെ ജനങ്ങളുടെ ജീവിതത്തിലുണ്ടായിരിക്കുന്ന മാറ്റങ്ങളും അവരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ടും അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ടും അവരുടെകൂടി പങ്കാളിത്തത്തോടെയും പിന്തുണയോടെയും കൂടിവേണം നമുക്ക് ഈ വിഴിഞ്ഞം പദ്ധതി സമയബന്ധിതമായി തീർക്കാനെന്ന് ഞങ്ങൾ ഈ സഭയെ അറിയിക്കുകയാണ്. അതുകൊണ്ട് അടിയന്തരമായി ആ പ്രദേശത്തെ ജനങ്ങളുയർത്തുന്ന പ്രശ്നങ്ങൾക്കുകൂടി പരിഹാരമുണ്ടാക്കിക്കൊണ്ട്, സമയബന്ധിതമായി അദാനി പോർട്സിനെക്കൊണ്ട് (Adani Ports & SEZ

Corporation) വിഴിഞ്ഞം തുറമുഖപദ്ധതി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം, സർക്കാർ അങ്ങനെ ചെയ്യുമെന്നുതന്നെയാണ് ഞങ്ങളുടെ പ്രതീക്ഷ.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ പറഞ്ഞ കാര്യങ്ങളൊന്നുംതന്നെ ഞാൻ ആവർത്തിക്കുന്നില്ല. ഈ അടിയന്തരപ്രമേയത്തിന്റെ സന്ദേശം വിഴിഞ്ഞം തുറമുഖത്തിന്റെ കഴിഞ്ഞകാല ചരിത്രം പരിശോധിച്ചാൽ നമുക്ക് കാണാൻ കഴിയും. തുറമുഖം സ്ഥാപിക്കുന്നതിൽ കാലതാമസം വന്നപ്പോൾ അന്നതിന് പ്രക്ഷോഭമുണ്ടാക്കി, അതുപോലെതന്നെ വിഴിഞ്ഞത്ത് തുറമുഖ നിർമ്മാണത്തിനുള്ള തീരുമാനമെടുത്തപ്പോൾത്തന്നെ അതിൽ ധാരാളം ആരോപണങ്ങളുന്നയിച്ചു, അതിനോടുള്ള അന്നത്തെ രാഷ്ട്രീയ നിലപാട് തുടങ്ങിയവയൊക്കെ നാം കാണണം. വിഴിഞ്ഞം തുറമുഖ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമതയോടുകൂടി മോണിറ്ററിംഗ് നടത്തി വേഗത്തിൽ യാഥാർത്ഥ്യമാക്കണം എന്ന സന്ദേശമാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിൽ വന്നിരിക്കുന്ന വിഷയം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തുറമുഖ വകുപ്പുമന്ത്രിയും ഇതുസംബന്ധിച്ച്

രൂപീകരിക്കപ്പെട്ട ക്യാബിനറ്റ് സബ്കമ്മിയും കാര്യങ്ങൾ നിരന്തരം വിലയിരുത്തിയിരുന്നു. കുറച്ച് കാലതാമസം നേരത്തേ വന്നിരുന്നു, ഇനിയും കാലതാമസമുണ്ടാകുമോ, പദ്ധതി അനിശ്ചിതമായി നീണ്ടുപോകുമോ തുടങ്ങിയ വലിയതോതിലുള്ള ആശങ്ക നിലവിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതി പൂർത്തീകരണത്തിനാവശ്യമായ കാര്യങ്ങൾ ചെയ്യണം. ഒരു തുറമുഖം ഒരു രാജ്യത്തിന്റെയോ, സംസ്ഥാനത്തിന്റെയോ പ്രവിശ്യയുടേയോ സമ്പദ് വ്യവസ്ഥയിൽ വരുത്തുന്ന മാറ്റം വളരെ വലുതാണ്. സിങ്കപ്പൂരും, ദുബായ്യും കൊളംബോയും അതിന് ഉദാഹരണമാണ്. സിങ്കപ്പൂർ നോക്കിയാൽ അവിടെ കാര്യമായ പ്രകൃതി വിഭവങ്ങളൊന്നുമില്ല, ദുബായ്-ൽ വളരെക്കുറവ് ഓയിൽ മാത്രമേയുള്ളൂ, അതുപോലെതന്നെയാണ് കൊളംബോയുടെയും സ്ഥിതി. പ്രസ്തുത തുറമുഖം കാരണം നമ്മുടെ നാട്ടിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുൾപ്പെടെ വിവിധ മേഖലകളിൽ വലിയ മാറ്റം വരികയും നമ്മുടെ സമ്പദ്ഘടനയെ പരിപോഷിപ്പിക്കുകയും ചെയ്യുമെന്നതിൽ യാതൊരു തർക്കവുമില്ല. സിങ്കപ്പൂരിനോട് താരതമ്യപ്പെടുത്തുമ്പോൾ കൊച്ചിൻ പോർട്ടിന്റെ കാര്യക്ഷമത വളരെക്കുറവാണ്. ഇവിടെ പുതിയൊരു തൊഴിൽ സംസ്കാരം വരുമെന്ന്

വിചാരിക്കാം. അങ്ങനെ കേരളത്തിന്റെ സാമ്പത്തിക ഘടനയിൽ വലിയ മാറ്റം വരുത്താൻ സഹായിക്കുന്ന ഈ പദ്ധതിയോട് ഗവൺമെന്റ് കുറച്ചുകൂടി കാര്യക്ഷമമായ സമീപനമെടുക്കണം എന്നുള്ളതാണ് ഇന്നത്തെ അടിയന്തരപ്രമേയത്തിന്റെ സന്ദേശം, മറ്റു പ്രതിപക്ഷ കക്ഷികൾക്കും ഇതിൽ അനുകൂല നിലപാടാണുള്ളത്, ആ അഭിപ്രായം ഞാനും ഇവിടെ പ്രകടിപ്പിക്കുകയാണ്.